# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: **854**

**11.06.2014** ൽ മറുപടിക്ക്

**അമ്പലപ്പുഴ മണ്ഡലത്തിലെ കടൽത്തീര സംരക്ഷണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജി. സുധാകരൻ** | | **ശ്രീ.പി.ജെ.ജോസഫ്** (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) അമ്പലപ്പുഴ മണ്ഡലത്തിലെ കടൽ ത്തീരത്ത് അവശേഷിക്കുന്ന കടൽഭിത്തി നിർമ്മിക്കാൻ സ്വീകരിക്കുന്ന നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ അവശേഷിക്കുന്ന കടൽഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) പുറക്കാട് കടപ്പുറത്ത് 4000 മീറ്റർ രണ്ടാം കടൽഭിത്തി കെട്ടുന്നതിനായി അമ്പലപ്പുഴ എം.എൽ.എ. നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 4000 മീറ്ററിൽ 1650 മീ. നീളം വരുന്ന ഭാഗത്ത് 16 പുലിമുട്ടുകളുടെ നിർമ്മാണം നടന്നു വരുന്നു, ബാക്കിയുള്ള ഭാഗത്ത് 26 പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് 18.60 കോടി രൂപ ചിലവു പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് നിരക്കു പ്രകാരം തയ്യാറാക്കി വരുന്നു. |
| (സി) ആലപ്പുഴ നഗരത്തിലെ ബീച്ച് മുതൽ പുറക്കാട് പൂത്തോപ്പുവരെയുള്ള അമ്പലപ്പുഴ മണ്ഡലത്തിലെ, കടൽ ഭിത്തിയില്ലാത്ത ഗ്യാപ്പുകൾ നിർമ്മിച്ചും പുനർ നിർമ്മിച്ചും അമ്പല പ്പുഴ മണ്ഡലത്തിന്റെ പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | ഈ ഭാഗങ്ങളിൽ ഗ്യാപ്പുകൾ അടയ്ക്കുവാൻ ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. |
| (ഡി) പതിമൂന്നാം ധനകാര്യ കമ്മീഷനിൽ സമർപ്പിച്ചിരുന്ന സംസ്ഥാന ജലവിഭവ വകുപ്പിന്റെ അമ്പലപ്പുഴ മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണ പ്രവർ ത്തനങ്ങളുടെ അടങ്കൽ തുക എത്രയാണ്; ഇതിൽ എന്ത് തുക അനുവദിച്ചു; വിശദാംശം നൽകുമോ; | (ഡി) | 13-ാം ധനകാര്യ കമ്മീഷനിൽ അമ്പലപ്പുഴ മണ്ഡലത്തിൽ കക്കാഴത്ത് 280 മീ. നീളം വരുന്ന കടൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള 180 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് എസ്.എൽ.ഇ.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പുലിമുട്ടുകളോടു കൂടിയ കടൽഭിത്തി നിർമ്മിച്ച് അമ്പലപ്പുഴ മണ്ഡലത്തിന്റെ കടൽത്തീര സംരക്ഷണത്തിന് പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ? | (ഇ) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ